# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണീട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.6)485/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 23/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.6)485/2021 തീയ്യതി: 23/03/2021

# എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശോഭ ഏലിയാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.യു.കെ.സുരേന്ദ്രൻ | സെക്രട്ടറി | 01-04-2019 | 29-08-2019 |
| ശ്രീമതി. സീജ ജോസഫ് | സെക്രട്ടറി | 30-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| ശ്രീമതി.സന്ധ്യ. കെ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 |
| ഡോ.ഷീബ തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 |
| ശ്രീമതി.ആഭ രാജ് | കൃഷി ഓഫീസർ | 01-04-2019 |
| ശ്രീമതി.രാജേശ്വരി.വി.എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 |
| ശ്രീമതി.സൗമ്യ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 |
| ശ്രീമതി.റൂബി പോൾ | ഹെഡ്മിസ്ട്രസ്. ജി.യു.പി.എസ് | 01-04-2019 |
| ശ്രീമതി.ലിൻഡ ഡിക്റൂസ് | വി.ഇ.ഒ (മണീട്) | 01-04-2019 |
| ശ്രീ.ഹരീഷ്കുമാർ.പി.എച്ച് | വി.ഇ.ഒ (ഏഴക്കരനാട്) | 01-04-2019 |
| ശ്രീ.ശിവൻ.കെ.കെ | വി.ഇ.ഒ (ഏഴക്കരനാട്) | 28-11-2019 |
| ഡോ.അഞ്ജു വി .ഷൈനി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 |
| ഡോ.രഞ്ജിത്ത് കൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2019 |
| ഡോ.വിപിൻ മോഹൻ ടി.എം. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-1 |
| 2 | ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2 |
| 4 | ബാങ്ക് റിക്കൺസിലിയേഷൻ- സഹകരണ ബാങ്ക്<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2-1 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ- എസ്.ബി.ടി. സാക്ഷരത<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2-2 |
| 6 | ബാങ്ക് റിക്കൺസിലിയേഷൻ- തൊഴിലുറപ്പ് അക്കൗണ്ട്<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2-3 |
| 7 | സംയുക്ത പ്രോജക്ട് - ചെലവ് പൊരുത്തപ്പെടുന്നില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2-4 |
| 8 | വെള്ളക്കരം കുടിശ്ശിക- ഡിമാന്റ് ചെയ്യുന്നില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-2-5 |
| 9 | ടോയ് ലറ്റ് നിർമ്മാണം - ചെലവ് പൊരുത്തപ്പെടുന്നില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-2-6 |
| 10 | സാമ്പത്തിക വിശകലനം<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-3 |
| 11 | ഫണ്ടുവിനിയോഗം<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Prasobhan.K.M (Audit Officer, On 15-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-5 |
| 13 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-5-1 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasobhan.K.M (Audit Officer, On 15-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Mercy KP (Auditor, On 15-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-7 |
| 16 | ക്യാഷ് പരിശോധന<br>Written By: Mercy KP (Auditor, On 15-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Prasobhan.K.M (Audit Officer, On 16-03-2021) | 1-9 |

| | | |
|---|---|---|
| | Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | |
| 18 | ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-10 |
| 19 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-11 |
| 20 | ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-12 |
| 21 | പേവിഷബാധ നിർമ്മാർജ്ജനം - മുഴുവൻ നായകൾക്കും ലൈസൻസ് എടുത്തില്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-13 |
| 22 | രോഗീബന്ധു സംഗമം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-14 |
| 23 | ആരോഗ്യകലണ്ടർ പ്രസിദ്ധീകരണം - വിതരണവിവരം ലഭ്യമല്ല<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-15 |
| 24 | അലോപ്പതി മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-16 |
| 25 | വെള്ളക്കരം അടവാക്കുന്നില്ല – 2.24 കോടിയുടെ ബാദ്ധ്യത.<br>Written By: P.P.Ajimon (Asst. Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-17 |
| 26 | തുല്യതാ പരീക്ഷ – പരീക്ഷ എഴുതിയതിന്റെ രേഖകൾ ലഭ്യമല്ല<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-18 |
| 27 | കൃഷി ഓഫീസർ, മണീട്, നിർവഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Mercy KP (Auditor, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-19 |
| 28 | സ്റ്റോക്ക് രജിസ്റ്റർ - സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-20 |
| 29 | സ്കൂൾ ആരോഗ്യ പദ്ധതി- ബാലമുകുളം. തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-21 |
| 30 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച്<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-22 |
| 31 | അങ്കണവാടികൾക്ക് ഫർണീച്ചർ ,അനുബന്ധ ഉപകരണങ്ങൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-23 |

| | | |
|---|---|---|
| 32 | പഴയ പഞ്ചായത്ത് ജംങ്ഷനിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ -പണി പൂർത്തീകരിച്ചില്ല<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-24 |
| 33 | പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എ്.എം.സി. അടിസ്ഥാനത്തിൽ അറ്റകുറ്റ പണി നടത്തുക (S 119/20) – ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 1-25 |
| 34 | അസറ്റ് മാനേജ്മെന്റ് കാര്യക്ഷമമല്ല<br>Written By: Prasobhan.K.M (Audit Officer, On 16-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-26 |
| 35 | മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.<br>Written By: P.P.Ajimon (Asst. Audit Officer, On 14-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Sheelamma P.B (Computer Assistant, On 22-03-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.P.Ajimon (Asst. Audit Officer, On 12-03-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 20-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019/20 വർഷത്തെ ബജറ്റ് 30-01-2019ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും 14-02-2019ന് പഞ്ചായത്ത് കമ്മറ്റിയും അംഗീകരിക്കുകയുണ്ടായി. തുടർന്ന് 11-03-2020ൽ 22-4 നിശ്ചയ പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് മുൻബാക്കിയുൾപ്പെടെ 176763606/- രൂപയും ചെലവ് 173394702/- രൂപയും നീക്കിബാക്കി 3368904/- രൂപയുമാണ്.

### 1-1-1 ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---:|---:|
| വരവ് | 176763606 | 73171132 |
| ചെലവ് | 173394702 | 504702558 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഉദാഹരണമായി വസ്തു നികുതി, റെന്റ് ഫ്രം ബിൽഡിംഗ്, ഓഡിറ്റോറിയം വാടക. ഇവ ബജറ്റ് പ്രകാരം യഥാക്രമം 3200000/-, 300000/-, 210000/- രൂപ വീതവും യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ളത് 2522166/-, 108360/-, 61450/- രൂപ വീതവുമാണ്

ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപനയിൽ നിന്നും 300000/-രൂപയും ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതിൽ നിന്നും 600000/- രൂപയും വരവ് ബജറ്റിൽ കാണിച്ചിട്ടുണ്ട് .ഇതു സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയതായി കാണുന്നില്ല. അതുപോലെ ഓരോ മേഖലയിൽ വരാവുന്ന വരവ് -ചെലവ് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് സ്വീകരിച്ചതായി കാണുന്നില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27.05.2020 | - | - |

മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കുകൾ സംബന്ധിച്ച പരിശോധനയിൽ വാർഷിക കണക്കുകളിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 ബാങ്ക് റിക്കൺസിലിയേഷൻ- സഹകരണ ബാങ്ക്

ബി.17 ഷെഡ്യൂളിൽ Co Operative Bank -Own Fund-1 (450430101) ബാങ്ക് അക്കൗണ്ടിൽ 10344/- രൂപ നീക്കിയിരുപ്പ് ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത്തരത്തിൽ ഒരു ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ ഇല്ല എന്നും തെറ്റായ അക്കൗണ്ട് ഹെഡിൽ കോൺട്രാ ചെയ്തപ്പോൾ സംഭവിച്ച അബദ്ധമാണെന്നും ആയത് Prior Period Esttablishment Expence ൽ ചെലവ് രേഖപ്പെടുത്തി 2020-21 വർഷത്തിൽ ക്രമീകരിക്കുമെന്നും രേഖാമൂലം പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

### 1-2-2 ബാങ്ക് റിക്കൺസിലിയേഷൻ- എസ്.ബി.ടി. സാക്ഷരത

ബി.17 ഷെഡ്യൂളിൽ SBT SAKSHRATHA MISSION (450410101) ബാങ്ക് അക്കൗണ്ടിൽ 1641.50/- രൂപ നീക്കിയിരുപ്പ് ഉള്ളതായി കാണിച്ചിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്കിലെ നീക്കിയിരുപ്പ് 1681.50/- രൂപയാണ്. ഈ അക്കൗണ്ടിന്റ വാർഷിക റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

### 1-2-3 ബാങ്ക് റിക്കൺസിലിയേഷൻ- തൊഴിലുറപ്പ് അക്കൗണ്ട്

ബി.17 ഷെഡ്യൂളിൽ MNREGS (450620101) ബാങ്ക് അക്കൗണ്ടിൽ 291225/- രൂപ നീക്കിയിരുപ്പ് ഉള്ളതായി

കാണിച്ചിട്ടുണ്ട്. ബാങ്ക് പാസ്സ് ബുക്കിലെ നീക്കിയിരുപ്പ് 291494/- രൂപയാണ്. ഈ അക്കൗണ്ടിന്റെ വാർഷിക റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. കൂടാതെ ബി.17 ഷെഡ്യൂളിൽ NREGA (320100101) നീക്കിയിരുപ്പ് തുക 291225/- രൂപയാണ്.

## 1-2-4 സംയുക്ത പ്രോജക്ട് - ചെലവ് പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രോജക്ടിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും വിവിധ പ്രോജക്ടുകൾക്കായി 23,38,241/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ DBT മുഖേന വിതരണം ചെയ്തത് 1358500/- രൂപയാണ് (അക്കൗണ്ട് കോഡ് 160300101). 929741/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ മുന്നിരുപ്പുള്ള തുകയിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ് (അക്കൗണ്ട് കോഡ് 320700105). ബാക്കിയുള്ള 50000/- രൂപ (ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്), ഗ്രാമപഞ്ചായത്തിന്റെ മുന്നിരുപ്പിൽ നിന്നും (അക്കൗണ്ട് ഹെഡ് 320700205) ചെലവ് നടത്തിയതായോ DBT മുഖേന വിതരണം ചെയ്തതായോ കാണുന്നില്ല. ജില്ലാപഞ്ചായത്തിൽ നിന്നും തൻവർഷം റവന്യൂ / ക്യാപിറ്റൽ ഹെഡിൽ സംയുക്തപ്രോജക്ടുകൾക്കായി മറ്റ് വരവുകൾ വാർഷിക കണക്കുകൾ പ്രകാരം കാണുന്നുമില്ല.
ഈ തുക തനത്ഫണ്ട് അക്കൗണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും ആയത് അടുത്ത സാമ്പത്തിക വർഷം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് പഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## 1-2-5 വെള്ളക്കരം കുടിശ്ശിക- ഡിമാന്റ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ 317 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 138688/- രൂപ (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ) ജലഅതോറിറ്റിയിൽ അടക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം യഥാസമയം അടവാക്കിയിട്ടില്ല. 2020 മാർച്ച് മാസത്തെ വെള്ളക്കരം ഉൾപ്പെടെ 1,62,45,294/-രൂപയാണ് ഈയിനത്തിൽ കുടിശ്ശിക (ജലഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് നം.41764 / 16.03.2020). എന്നാൽ 2019-20 വാർഷിക കണക്കുകളിൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

2019-20 വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 449074/- രൂപ വെള്ളക്കരം കുടിശ്ശികയിനത്തിൽ ഉത്തവത്തിൽ കുറവ് ചെയ്തിട്ടുണ്ട് (പ്രോ.നം.180/20). എന്നാൽ 251202501 Drinking Water Public General എന്ന ഹെഡിൽ 400000/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി തുക ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് വ്യക്തമല്ല.

## 1-2-6 ടോയ് ലറ്റ് നിർമ്മാണം - ചെലവ് പൊരുത്തപ്പെടുന്നില്ല

ഒ.ഡി.എഫ്. - കക്കൂസ് നിർമ്മാണം പ്രോജക്ടിന്റെ (എസ്.0179/20) ഭാഗമായി ഒരാൾക്ക് 15400/- രൂപ നിരക്കിൽ 22 ഗുണഭോക്താക്കൾക്ക് 338800/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ സുലേഖ പ്രകാരമുള്ള വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റിൽ 308000/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് 240000/- + തനത്ഫണ്ട് 68000/-)മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. സുലേഖ സ്റ്റേറ്റ്മെന്റിൽ കേന്ദ്രാവിഷ്കൃത ഫണ്ട് 24000/- രൂപയും തനത്ഫണ്ട് 6800/- രൂപയും കുറവായാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളൂ.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 1,37,62,636.05 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 5,94,08,496.00 |
| ആകെ | | 7,31,71,132.05 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 5,04,70,258.00 |
| നീക്കിയിരിപ്പ് | | 2,27,00,874.05 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 92000.00 |

## 1-4 ഫണ്ടുവിനിയോഗം

| ഗ്രാന്റ് (അക്കൗണ്ട് ഹെഡ്) | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (160100101) | 0 | 10571000 | 10571000 | 8741059 | 1829941 | 82.7 % വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-എസ്.സി.പി (160100102) | 0 | 8261000 | 8261000 | 6551330 | 1709670 | 79.3 % വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-ടി.എസ്.പി (160100103) | 0 | 70000 | 70000 | 70000 | 0 | 100 % വിനിയോഗം. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (160100104) | 0 | 6933000 | 6933000 | 3965837 | 2967163 | 57.2 % വിനിയോഗം .ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്, റോഡ് (160100401) | 0 | 16421000 | 16421000 | 8061305 | 8359695 | 49.1 % വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്-റോഡിതരം (160100402) | 0 | 3251000 | 3251000 | 3251000 | 0 | 100 % വിനിയോഗം |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.ടോയ്ലറ്റ് മെയിന്റനൻസ് ( 320100115) | 145877 | 0 | 145877 | 37880 | 107997 | |
| 2.ഐ.സി.ഡി.എസ് (320100121) | 777767 | 521045 | 1298812 | 395223 | 903589 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.വിമുക്തി (320200301) | 24750 | 3000 | 27750 | 0 | 27750 | |
| 2.ആരോഗ്യ കേരളം (320200399) | 300000 | 500000 | 800000 | 182367 | 617633 | |
| 3.ലൈഫ് സംസ്ഥാന വിഹിതം (320400199) | 0 | 5100000 | 5100000 | 0 | 5100000 | |
| 4.ടോട്ടൽ സാനിട്ടേഷൻ (320300103) | 1319289 | 0 | 1319289 | 240000 | 1079289 | |
| മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ | | | | | | |
| 1.നിർമൽ പുരസ്കാരം (320900101) | 117030 | 0 | 117030 | 0 | 117030 | |
| 2.ബെസ്റ്റ് പഞ്ചായത്ത് അവാർഡ്-കേന്ദ്രസർക്കാർ (320900102) | 848189 | 0 | 848189 | 0 | 848189 | |
| 3.ആയുർവേദ ഡിസ്പെൻസറി റിനോവേഷൻ (320200207) | 0 | 632383 | 632383 | 0 | 632383 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 30024782 | 90 | 8865487 | 80 | 10 | 50% |

## 1-5-1 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

മണീട് ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ 2019-20 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ പട്ടികജാതി വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മാത്രമേ പദ്ധതി നിർവഹണത്തിൽ മോണിറ്ററിംഗ് സംബന്ധിച്ച് മിനിട്ട്സ് രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളൂ. അംഗീകരിക്കപ്പെടുന്ന പദ്ധതികളുടെ നിർവഹണത്തിൽ മോണിറ്ററിംഗ് നടത്തുക, വർക്കിംഗ് ഗ്രൂപ്പുകൾ നിർദേശിച്ച അത്യാവശ്യ പ്രോജക്റ്റുകൾ അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ ചർച്ചചെയ്ത് പ്രശ്നപരിഹാരത്തിനായി തുടർ നിർദേശങ്ങൾ സമർപ്പിക്കുക എന്നിങ്ങനെ ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തനനിരതമായിരിക്കുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന്റെ സുപ്രധാന ഘടകമാണ്. ആയതിനാൽ പദ്ധതി നിർവഹണത്തിനായി മേൽ വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പുകളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8479 | 1322306 | 1330785 | 1039291 | 291494 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19644334 | 19644334 | 19644334 | 0 |
| ആകെ | 8479 | 20966640 | 20975119 | 20683625 | 291494 |

. വാർഷികകണക്കുകളിൽ തൻവർഷ പലിശവരവ് 269/- രൂപ ഉൾപ്പെടുത്താത്തതിനാൽ നീക്കിയരിപ്പുതുകയിൽ 269/- രൂപ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57120 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 2104200 | 383 |
| വിധവാപെൻഷൻ | 3343200 | 592 |
| വാർദ്ധക്യകാലപെൻഷൻ | 8828400 | 1563 |
| വികലാംഗപെൻഷൻ | 1251100 | 220 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ | 280200 | 50 |

| | | |
|---|---|---|
| വനിതകൾക്കുള്ള ധനസഹായം | | |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41844/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. എന്നാൽ ചില പോരായ്മകൾ കാണുന്നു. പദ്ധതി രൂപീകരണത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണം, ഫണ്ട് ലഭ്യത തുടങ്ങിയവ പഞ്ചായത്ത് ശ്രദ്ധിച്ചതായി കാണുന്നില്ല. അങ്കണവാടികളുടെ പ്രവർത്തനങ്ങൾ ശരിയായരീതിയിൽ നടക്കുന്നുണ്ടെന്നും പ്രോജക്ടുകൾ ശരിയായി നടപ്പാക്കുന്നുണ്ടെന്നും സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും ശ്രദ്ധിച്ചതായി കാണുന്നില്ല. പ്രോജക്ട് നടത്തിപ്പിൽ മോണിറ്ററിംഗ് നടത്തുന്നില്ല.

## 1-10 ഗ്രാമസഭകൾ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല – ജനപങ്കാളിത്തം കുറയുന്നു.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണ നിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. മണീട് ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ ഓഡിറ്റ് വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

<u>നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല:</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ മണീട് ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019, 2020 വർഷങ്ങളിൽ ആകെ നാല് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ഫെബ്രുവരി | 1. 2019-20 വാർഷിക പദ്ധതിയിലെ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് അംഗീകാരം<br>2. ഹെപ്പറ്റൈറ്റിസ് -ബി നിർമ്മാർജ്ജനം. |
| 2 | 2019 ജൂലൈ | 1. പദ്ധതി അവലോകനം<br>2. ഹെപ്പറ്റൈറ്റിസ് -ബി നിർമ്മാർജ്ജനം.<br>3. കേരഗ്രാമം പദ്ധതി രണ്ടാം ഘട്ടം<br>4. ജലസംരക്ഷണം |
| 3 | 2019 ഡിസംബർ | 1. ക്യാൻസർ നിയന്ത്രണ ബോധവൽക്കരണം<br>2.2019-20 വാർഷിക പദ്ധതി അവലോകനം. |
| 4 | 2020 ജനവരി/ ഫെബ്രുവരി | 2020-21 പദ്ധതി രൂപീകരണം |

ഗ്രാമസഭയുടെ എല്ലാ അധികാരങ്ങളും ചുമതലകളും നിറവേറ്റപ്പെടുന്നില്ല :

KPR Act വകുപ്പ് 3എ വകുപ്പ് പ്രകാരം ഗ്രാമസഭയ്ക്ക് 19 അധികാരങ്ങളും ചുമതലകളും നിറവേറ്റുവാനുണ്ട്. എന്നാൽ ഇതിൽ ആദ്യത്തെ 3 ചുമതലകൾ മാത്രമാണ് ഗ്രാമസഭകൾ നിർവഹിക്കുന്നതായി ഗ്രാമസഭ യോഗ മിനുട്ട്സ് വെളിപ്പെടുത്തുന്നുള്ളു. KPR Act വകുപ്പ് 3ബി(2) പ്രകാരം 3എ വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് കാലാകാലമുള്ള റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തിന് നൽകേണ്ട ഉത്തരവാദിത്വവും നിറവേറ്റപ്പെടുന്നില്ല.

ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നില്ല:

KPR Act വകുപ്പ് 3ബി വകുപ്പ് പ്രകാരം 8 ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതുണ്ട്. എന്നാൽ ഇവയൊന്നും തന്നെ നിറവേറ്റപ്പെടുന്നതായുള്ള വിവരങ്ങൾ ഗ്രാമസഭായോഗ മിനുട്ട്സിൽ കാണുന്നില്ല. ഇവ വിലയിരുത്തുന്നതിനായി പ്രത്യേക അജണ്ട ഗ്രാമസഭാ യോഗങ്ങളിൽ ഉൾപ്പെടുത്തുന്നുമില്ല.

ക്വാറം തികയാതെ ഗ്രാമസഭകൾ ചേർന്നു:

KPR Act വകുപ്പ് 3എ (4) വകുപ്പ് പ്രകാരം ഗ്രാമസഭയുടെ ക്വാറം സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ക്വാറം തികയാതെ മാറ്റിവയ്ക്കപ്പെടുന്ന യോഗങ്ങൾ വീണ്ടും കൂടുമ്പോൾ അതിന്റെ ക്വാറം അൻപത് ആയിരിക്കും. മണീട് ഗ്രാമപഞ്ചായത്തിൽ ചില ഗ്രാമസഭകളിൽ ക്വാറം തികയാതെ തന്നെ യോഗങ്ങൾ ചേർന്നിട്ടുള്ളതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | സമ്മതിദായകരുടെ ആകെ എണ്ണം | ക്വാറം തികയാൻ വേണ്ട എണ്ണം | ഗ്രാമസഭ ചേർന്ന തീയതി | ഹാജരായവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | I | 1247 | 125 | 18.12.2019 | 85 |
| 2 | II | 1111 | 112 | 6.7.2019 | 89 |
| 3 | VII | 997 | 100 | 20.12.2019 | 48 |
| 4 | | | | 2.2.2020 | 98 |
| 5 | VIII | 846 | 85 | 16.12.2019 | 52 |
| 6 | X | 1047 | 105 | 11.2.2019 | 71 |
| 7 | | | | 8.7.2019 | 102 |
| 8 | | | | 13.12.2019 | 16 |
| 9 | | | | 22.1.2019 | 58 |
| 10 | XII | 1110 | 111 | 28.1.2020 | 103 |
| 11 | XIII | 1165 | 117 | 18.12.2019 | 66 |

ക്വാറം തികയാതെ ചേർന്നിട്ടുള്ള ഗ്രാമസഭകൾ എടുത്തിട്ടുള്ള തീരുമാനങ്ങൾക്ക് നിയമപരമായ സാധുത ഉണ്ടായിരിക്കുന്നതല്ല. ഇത്തരം ഗ്രാമസഭകൾ കൈക്കൊണ്ട് നടപ്പിലാക്കിയ തീരുമാനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന ഏതൊരു പ്രതിസന്ധിയുടെയും നഷ്ടത്തിന്റെയും ഉത്തരവാദിത്വം ഗ്രാമസഭയുടെ കൺവീനർക്കും കോഓർഡിനേറ്റർക്കും ആയിരിക്കും.

ഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കി എന്നും ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും ആയതിന്റെ കാരണമെന്തെന്നും ഗ്രാമസഭയെ ബോധിപ്പിക്കേണ്ട പഞ്ചായത്തിന്റെ നിയപരമായ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും അകറ്റി നിർത്തുന്നതിന് കാരണമാകുന്നുണ്ട്. തങ്ങൾ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടു എന്നറിയുമ്പോൾ, നടപ്പിലായില്ലെങ്കിൽ ആയതിന്റെ കാരണം ബോദ്ധ്യപ്പെടുമ്പോൾ, ഗ്രാമസഭകളിലുള്ള വിശ്വാസവും ചുമതലയും ജനങ്ങളിൽ വർദ്ധിക്കുന്നതിന് കാരണമാകും.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-11 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - വർക്കിങ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ 06.01.2020 ലെ സ.ഉ.(കൈ) 9/2020/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

"ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" എന്ന വർക്കിങ് ഗ്രൂപ്പ് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് ഈ ഗ്രൂപ്പിന്റെ മിനുട്ട്സ് ബുക്ക് വെളിപ്പെടുത്തുന്നു. 12.10.2018, 28.12.2019, 28.02.2020 എന്നീ തീയതികളിലായി മൂന്ന് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. ഇതിൽ തന്നെ വർക്കിങ് ഗ്രൂപ്പിന്റെ ചുമതലകളായ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിര പ്രതികരണ ടീം രൂപീകരിക്കൽ, പരിശീലനം നൽകൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയോ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയോ ചെയ്തതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം, ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ എന്നിവ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/06.03.2021) വർക്കിങ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലായിരുന്നു എന്നും എന്നാൽ പഞ്ചായത്ത് തലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത നിവാരണ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ച പ്ലാൻ ടെമ്പ്ലേറ്റിൽ ആവശ്യമായ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ദുരന്തമാനേജ്മെന്റ് പ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ദുരിതാശ്വാസ നിധി - വിനിയോഗിക്കുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് മണീട് ഗ്രാമപഞ്ചായത്തിൽ 16.11.2005 ൽ ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. SB 4703 Maneed Service Co Operative Bank Ltd. No.E.59). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായം ഒന്നും തന്നെ നൽകിയിട്ടില്ല (നിധിയിൽ മുന്നിരിപ്പ് 134685/- രൂപയും വരവ് 9802/- രൂപയും ഉൾപ്പെടെ 144487/- രൂപ നീക്കിയിരുപ്പുണ്ട്). ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റിയുടെ മിനുട്ട്സ് ബുക്ക് പ്രകാരം 2018 ഫെബ്രുവരിയിലാണ് ഗ്രാമപഞ്ചായത്തിൽ സബ്കമ്മറ്റിയുടെ ഏറ്റവും അവസാനത്തെ യോഗം ചേർന്നിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ സബ്കമ്മറ്റി യോഗം ചേർന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് അടിയന്തിരസഹായം നൽകി അവരനുഭവിക്കുന്ന ദുരിതത്തിൽ നിന്നും അല്പമാത്രയെങ്കിലും ആശ്വസിക്കുവാൻ ഉതകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പഞ്ചായത്തിന്റെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ചട്ടം നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിലൂടെ ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പേവിഷബാധ നിർമ്മാർജ്ജനം - മുഴുവൻ നായകൾക്കും ലൈസൻസ് എടുത്തില്ല.

പേവിഷബാധ നിർമ്മാർജ്ജനം (എസ് 0060/20) എന്ന പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽവച്ച് 2020 മാർച്ച് 6, 7, 9, 10 എന്നീ നാല് ദിവസങ്ങളിലായി വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്. ഇതിലേക്കായി തനത് ഫണ്ടിൽ നിന്നും വെറ്ററിനറി സർജൻ മുഖേന 20080/- രൂപ ചെലവഴിച്ചിട്ടുമുണ്ട് (ചെക്ക് നം.5124466/ 24.03.2020). ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 310 വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. എന്നാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ്ക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നിർബന്ധമാണെന്നിരിക്കെ, പേവിഷബാധ നിർമ്മാർജ്ജന പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനായി പ്രസിദ്ധീകരിച്ച നോട്ടീസിൽ വളർത്തുനായ്ക്കൾക്ക് കുത്തിവയ്പ്പ് എടുത്ത് പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങേണ്ടതാണെന്ന വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് 43 നായകൾക്ക് ലൈസൻസ് നൽകുകയും ഫീസിനത്തിൽ 430/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട് (അക്കൗണ്ട് ഹെഡ് 140110109). ഇതിൽ പ്രോജക്ടിന്റെ ഭാഗമായി കുത്തിവയ്പ്പ് നൽകപ്പെട്ട നായ്ക്കൾ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. പ്രോജക്ടിന്റെ ഭാഗമായി 310 നായകൾക്ക് കുത്തിവയ്പ്പ് നൽകിയെങ്കിലും മുഴുവൻ നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല. ആയതിനാൽതന്നെ വരവ് ഇനത്തിൽ 3100/- രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

ചട്ട പ്രകാരം വളർത്തു നായകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കണം എന്നിരിക്കെ 310 ഓളം വർത്തുനായ്ക്കൾ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഉണ്ടെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടും അവയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടി ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ കുത്തിവയ്പ്പെടുക്കപ്പെടുന്ന നായ്ക്കൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 രോഗീബന്ധു സംഗമം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ് 0059/20 | |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ യൂണിറ്റ് | |
| അടങ്കൽ | 600000.00 | വികസനഫണ്ട് - ജനറൽ |
| ചെലവ് വിവരം | 333667.00 | വിവിധ ബില്ലുകളിലൂടെയുള്ള ചെലവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ പാലീയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി 2020 ഫെബ്രുവരി 22 ന് പാലിയേറ്റീവ് കെയർ രോഗീബന്ധുസംഗമം സംഘടിപ്പിക്കുകയും അതിനായി 49880/-രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 29.10.2015 ലെ സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക 2.6.13 (1) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെയും കുടുംബങ്ങളുടെയും ഹോംകെയർ ടീമംഗങ്ങളുടെയും വാർഷിക സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കാവുന്നതാണെന്നും ഭക്ഷണച്ചെലവിലേക്കായി ഒരാൾക്ക് പരമാവധി 60രൂപ വീതവും സംഗമനടത്തിപ്പിലേക്കായി പരമാവധി 3000/-രൂപയും ചെലവഴിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല കൂടുതൽ തുക വേണ്ടിവരുകയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായി നടത്തപ്പെട്ട രോഗീബന്ധു സംഗമത്തിന്റെ ഭക്ഷണചെലവിലേക്ക് 42000/- രൂപയും നടത്തിപ്പിനായി 7880/- രൂപയും ചെവഴിച്ചിട്ടുണ്ട്. സംഗമത്തിൽ 250 ആളുകൾക്കുള്ള ഭക്ഷണമാണ് നൽകിയിട്ടുള്ളത്.

07.03.2019 ലെ സ.ഉ.(സാധാ) 553/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.4.6 പ്രകാരം രോഗീബന്ധു സംഗമങ്ങളിൽ 10 മുതൽ 30 വരെ രോഗികളെ പങ്കെടുപ്പിച്ച് നടത്തുന്നതാണ് അഭികാമ്യം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മണീട് പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ട സംഗമത്തിൽ എത്ര രോഗികളും മറ്റ് ആളുകളും പങ്കെടുത്തു എന്നത് സംബന്ധിച്ച രേഖയൊന്നും (അറ്റന്റൻസ് രജിസ്റ്റർ) ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് രോഗികളുടെയും കുടുംബങ്ങളുടെയും ഹോംകെയർ ടീമംഗങ്ങളുടെയും വാർഷിക സംഗമം സർക്കാർ നിർദ്ദേശപ്രകാരം ആർഭാടരഹിതമായി ചെലവുകളിൽ മിതത്വം പാലിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ആരോഗ്യകലണ്ടർ പ്രസിദ്ധീകരണം - വിതരണവിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ് 0177/20 | |
| പ്രോജക്ടിന്റെ പേര് | ആരോഗ്യകലണ്ടർ പ്രസിദ്ധീകരണം | |
| അടങ്കൽ | 50000.00 | തനത്ഫണ്ട് |
| ചെലവ് വിവരം | 50000.00 | ചെക്ക് നം.5124407/12.12.2019 (A/C Head 220800199) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |

മണീട് ഗ്രാമപഞ്ചായത്തിലെ വീടുകളിൽ വിതരണം ചെയ്യുന്നതിനായി 4500/- ആരോഗ്യകലണ്ടർ പ്രിന്റ് ചെയ്ത ഇനത്തിൽ M/S മായ പ്രിന്റേഴ്സ്, എരൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ള തുകയുടെ വിവരമാണ് മേൽ ചേർത്തിട്ടുള്ളത്. ആരോഗ്യകലണ്ടർ പ്രിന്റ് ചെയ്യുന്നതിനായി 17.09.2019 ൽ ക്വട്ടേഷൻ ക്ഷണിച്ച് അതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ( 57x44cm IED Calender: 4500 എണ്ണത്തിന് നികുതി ഉൾപ്പെടെ 70560/- രൂപ) M/S മായ പ്രിന്റേഴ്സ്, എരൂർ എന്ന സ്ഥാപനത്തിനെയാണ് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ ക്വട്ടേഷൻ പ്രൊക്യൂവർമെന്റ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതായ രേഖകൾ കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വീടുകളിൽ വിതരണം ചെയ്യുന്നതിനായിട്ടാണ് 4500 ആരോഗ്യകലണ്ടർ പ്രിന്റ് ചെയ്തിട്ടുള്ളതെങ്കിലും കലണ്ടറുകൾ സ്റ്റോക്കിലെടുത്ത് ആയതിന്റെ വാർഡ് തിരിച്ചുള്ള വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. M/S മായ പ്രിന്റേഴ്സ്, എരൂർ എന്ന സ്ഥാപനത്തിന്റെ 20.11.2019 ലെ MO1139/20.11.2019 -ാം ഇൻവോയ്സ് പ്രകാരമാണ് പണം അനുവദിച്ചിട്ടുള്ളത്. എന്നാൽ അത് പ്രകാരം സപ്ലൈ ചെയ്തിട്ടുള്ള കലണ്ടറുകളുടെ സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം ഇൻവോയ്സിൽ രേഖപ്പെടുത്താതെയാണ് പണം നൽകിയിട്ടുള്ളത്. ഈ നടപടി സ്റ്റോർ പർച്ചേയ്സ് മാനുവലിലെ ഖണ്ഡിക 12.19 ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളതും ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളതും 70560/- രൂപയ്ക്കാണ്. എന്നാൽ 50000/-രൂപ മാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി കാണുന്നുള്ളൂ. ബാക്കി തുക സ്ഥാപനത്തിന് നൽകിയിട്ടുള്ള വിവരം ലഭ്യമല്ല. പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് മോണിട്ടർ ചെയ്ത് റിപ്പോർട്ട് പഞ്ചായത്തിന് നൽകിയിട്ടില്ല.

ഈ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/ 09.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 അലോപ്പതി മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ് 0005/20 | |
| പ്രോജക്ടിന്റെ പേര് | മരുന്ന് വാങ്ങൽ- അലോപ്പതി | |
| അടങ്കൽ | 250000.00 | മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് വിവരം | 250000.00 | ബിൽ നം.05/ 19-20/ 9.8.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |

പ്രോജക്ട് പ്രകാരം അലോപ്പതി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 31.05.2019 ലെ പ്രൊഫോർമ ഇൻവെയ്സിന്റെ അടിസ്ഥാനത്തിൽ 2.5 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. 32 ഓളം ഇനം മരുന്നുകൾ വാങ്ങുന്നതിനായിട്ടാണ് മുൻകൂർ നൽകിയിട്ടുള്ളതെങ്കിലും ആയവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് രേഖാമൂലം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/10.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് വാങ്ങുന്നതിന് മുൻകൂർ പണം നൽകിയിട്ടും മരുന്നുകൾ യഥാസമയം ലഭിക്കാത്തത് സാധാരണ ജനങ്ങൾക്ക്

അവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് യഥാസമയം മരുന്ന് നൽകാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകും. ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-17 വെള്ളക്കരം അടവാക്കുന്നില്ല – 2.24 കോടിയുടെ ബാദ്ധ്യത.

മണീട് ഗ്രാമപഞ്ചായത്തിലെ 317 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 138688/- രൂപ (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ) ജലഅതോറിറ്റിയിൽ അടക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം യഥാസമയം അടവാക്കിയിട്ടില്ല. 2020 മാർച്ച് മാസത്തെ വെള്ളക്കരവും ഫൈനും ഉൾപ്പെടെ 1,62,45,294/-രൂപയാണ് ഈയിനത്തിൽ കുടിശ്ശിക (ജലഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് നം.41764 / 16.03.2020). ഇത് 2021 മാർച്ചിൽ 2,23,66,671/- രൂപയായി വർദ്ധിച്ചിട്ടുണ്ട് (ജലഅതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് നം.50106 / 8.03.2021).

ഭീമമായ കുടിശ്ശിക മൂലം 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വികസനഫണ്ട് (ജനറൽ) ഗ്രാന്റിൽ നിന്നും 449074/- രൂപ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഉത്തരവ് നം. | ഗഡു | കുറവ് ചെയ്ത തുക |
|---|---|---|
| സ.ഉ.(സാധാ)നം.2772/2019/ധന/ 03.04.2019 | ഒന്ന് | 224537/- |
| സ.ഉ.(സാധാ)നം.6105/2019/ധന/ 01.08.2019 | രണ്ട് | 224537/- |
| ആകെ | | 449074/- |

ഓഡിറ്റ് വർഷത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത 449074/- രൂപയും മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് ഇൻ എയിഡിൽ നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ തുക ഉൽഭവത്തിൽ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആ തുകയും ഉൾപ്പെടെ കുടിശ്ശിക ക്രമീകരിച്ച് പരിഷ്കരിച്ച ഡിമാന്റ് നോട്ടീസ് ജല അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഇല്ലായെങ്കിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്തി പുതുക്കിയ ഡിമാന്റ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/16.3.2021) ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക കണക്കുകളിൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ബാദ്ധ്യത ഉൾപ്പെടുത്തുന്നുമില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(C) (1), 40(C)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇത്രയും കാലം ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനിവാര്യ ചെലവായ വെള്ളക്കരം യഥാസമയം അടക്കാതിരുന്നത് മൂലമാണ് ഈ ഇനത്തിൽ ഭീമമായ തുക ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ഉണ്ടായിട്ടുള്ളത്. ഇത് ഭാവിയിൽ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കേണ്ട ഗ്രാന്റ് തുകയിൽ നിന്നും ഉത്ഭവത്തിൽ തുക കുറവ്ചെയ്യപ്പെടുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട വികസനപ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് ലഭിക്കാതെ വരുന്നതിനും കാരണമാകും. ആയതിനാൽ അതാത് മാസത്തെ വെള്ളക്കരം യഥാസമയം അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വെള്ളക്കരം കുടിശ്ശികയിൽ ഇളവ് ലഭിക്കുന്നതിനും ആവശ്യമില്ലാത്ത ടാപ്പുകൾ ഉടനെ റദ്ദാക്കുന്നതിനും സർക്കാരിൽ അപേക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നു.

## 1-18 തുല്യതാ പരീക്ഷ – പരീക്ഷ എഴുതിയതിന്റെ രേഖകൾ ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ് 0043/20 | |
| പ്രോജക്ടിന്റെ പേര് | തുല്യതാ പരീക്ഷ | |
| അടങ്കൽ | 42000.00 | വികസനഫണ്ട്- ജനറൽ |
| ചെലവ് വിവരം | 42000.00 | ബിൽ നം.03/2019-20/25.2.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ. ജി.യു.പി.എസ്. | |

പത്താം തരം തുല്യതാ പരീക്ഷയുടെ കോഴ്സ് ഫീസിനത്തിൽ 12 ഗുണഭോക്താക്കൾക്ക് 22000/- രൂപയും (11x 1850 + 1x 1650) ഹയർ സെക്കന്ററി തുല്യതാ പരീക്ഷയുടെ കോഴ്സ് ഫീസിനത്തിൽ 20000/- രൂപയും (8 X 2500) ഉൾപ്പെടെ 42000/-രൂപ സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ച് തുല്യതാ പരീക്ഷ എഴുതിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ ആയതിന്റെ തെളിവുരേഖകളും പരീക്ഷ എഴുതിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വിശദീകരിക്കുന്നതിനും പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/ 08.03.2021) പരീക്ഷ കഴിഞ്ഞിട്ടില്ല എന്നും പരീക്ഷ കഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാം എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആയവ ലഭ്യമാക്കുന്നതിന് വിധേയമായി 42000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കൃഷി ഓഫീസർ, മണീട്, നിർവഹണം നടത്തിയ പ്രോജക്ടുകൾ

കൃഷി ഓഫീസർ, മണീട്, നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിൽ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 ന് ലഭ്യമാക്കിയ മറുപടിയിൽ പാടശേഖരക്കമ്മിറ്റി മുഖാന്തിരം കൃഷിഭവനിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകരെയും ഗുണഭോക്താ ക്കളായി അംഗീകരിക്കാനുള്ള തീരുമാനം എല്ലാ വാർഡ് തല ഗ്രാമസഭകളിലും എടുത്തിട്ടുള്ളതാണെന്നും മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള താണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഡ്തല ഗുണഭോക്തൃ ലിസ്റ്റാക്കി ഗ്രാമസഭയിൽ അംഗീകാരം നേടിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം. 1 | പ്രോജക്ട് നമ്പർ / പേര് | 35/2019-20/ സമഗ്രനെൽകൃഷി വികസനം |
|---|---|---|
| | അടങ്കൽ തുക | 34,68,100/- |
| | വിവിധ ബില്ലുകൾ-തുക (ചെലവ്) | 12,30,909/- |
| 2. | പ്രോജക്ട് നമ്പർ / പേര് | 44/2019-20 / സമഗ്ര തെങ്ങുകൃഷി വികസനം. |
| | അടങ്കൽ തുക | 6,00,000/- |
| | വിവിധ ബില്ലുകൾ-തുക (ചെലവ്) | 1,50,000/- |

13 ാം പദ്ധതി മാർഗ്ഗരേഖകളും സബ്സിഡി ധനസഹായ മാർഗ്ഗരേഖകളും ((G.O.(M.S.) No.11/2018 LSGD തീയതി 29.01.2018, ഖ. 3-2 ഖ.) പ്രകാരം ഗ്രാമസഭകൾ / വാർഡ് സഭകൾ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദേശങ്ങളുടെ മുൻഗണന നിർദേശിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഈ ഗ്രാമസഭയിൽ പങ്കെടുക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അർഹതയുള്ളവരുടെ ലിസ്റ്റായ ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് നിർവഹണ ഉദ്യാഗസ്ഥർ ധനസഹായങ്ങളും ആനുകൂല്യങ്ങളും നൽകേണ്ടത്. ആയതിനാൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗ്രാമസഭ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്റ്റോക്ക് രജിസ്റ്റർ - സൂക്ഷിക്കുന്നതിലെ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 150 പ്രകാരം പ്രധാനമായും രണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ഓഫീസ് ഫർണിച്ചറും പുസ്തകങ്ങൾ ഒഴികെയുള്ള മറ്റ് സ്റ്റോറുകളും ഉൾപ്പെടുത്തി ഒരു രജിസ്റ്ററും പുസ്തകങ്ങൾ, ഫോമുകൾ, സ്റ്റേഷനറി എന്നിവ ഉൾപ്പെടുത്തി മറ്റൊന്നും ഇത്തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാർഷിക പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ ആയവ വരുന്ന സമയത്ത് തുടർച്ചയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ ഓരോന്നിനും നമ്പർ ഇട്ട് പ്രത്യേകം മേൽപറഞ്ഞ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. ഓഫീസ് മേധാവി തന്റെ കസ്റ്റഡിയിൽ, മാർച്ച് 31 ന് സ്റ്റോക്കിലുള്ള സ്റ്റോറുകളുടെ കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ടതും ഉപയോഗക്ഷമമല്ലാത്ത സാധനങ്ങൾ ഉണ്ടെങ്കിൽ അവ ക്രമപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് (ആർട്ടിക്കിൾ 153, കെ.എഫ്.സി). എന്നാൽ ഇപ്രകാരം സ്റ്റോക്ക് സർട്ടിഫിക്കറ്റുകൾ സെക്രട്ടറി രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സൂക്ഷിക്കേണ്ടതാണ്. മറിച്ചുള്ള അവസ്ഥ പഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ട് പോകുന്നതിനും നശിച്ചുപോകുന്നതിനും കാരണമാക്കിത്തീർക്കും.

## 1-21 സ്കൂൾ ആരോഗ്യ പദ്ധതി- ബാലമുകുളം. തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മെഡിക്കൽ ഓഫീസർ -ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ് സ്കൂൾ ആരോഗ്യ പദ്ധതി- ബാലമുകുളം-പ്രോജക്ട് നം. S 028/20. ഇതിനായി തനത് ഫണ്ട് 50000/- രൂപ വകയിരുത്തുകയും 46925/- രൂപ ചെലവ് ചെയ്യുകയുമുണ്ടായി. ചെലവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം -തീയതി | തുക | ചെലവിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 433264/27-9-19 | 29146 | ഉപകരണങ്ങൾ- 1530<br>മരുന്ന്- 20000/-<br>പ്രിന്റിംഗ്-7616/- |
| 2 | 100016/18-11-19 | 6863 | സ്റ്റേഷനറി- 1363/-<br>വണ്ടി വാടക-5500/- |
| 3 | 5124460 / 12-3-20 | 10916 | വിവിധ ചെലവുകൾ- 10916/- |
| | ആകെ | | 46925/- |

മണീട്ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠന വൈകല്യം, ദൃഷ്ടിരോഗം, രോഗപ്രധിരോധ ശേഷിക്കുറവ് എന്നിവ ആദ്യമേ തിരിച്ചറിഞ്ഞ് അതിനാവശ്യമായ ചികിൽസ ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിനായി സ്കൂൾ വർഷാരംഭത്തിൽ ബോധവൽക്കരണ ക്യാമ്പുകളും രോഗനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കൽ, വർഷാവസാന കാലയളവിൽ ദൃഷ്ടി സംബന്ധമായ രോഗങ്ങൾ, സ്കിൻ സംബന്ധമായ രോഗങ്ങൾ, മറ്റ് രോഗങ്ങൾ എന്നിവയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉൾപ്പെടുത്തിയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുക മരുന്നുകൾ നൽകുക എന്നിവ നടത്തുന്നതിനായി ലക്ഷ്യമിട്ടിരുന്നു. ഇതിനായി ഗ്രാമ പഞ്ചായത്തിലെ 4 സ്കൂളുകളിലുള്ള 484 കുട്ടികൾക്ക് 12-7-19, 21-8-19, 15-1-20, 28-1-20, 18-2-20, 25-2-20 എന്നീ തീയതികളിൽ പരിശോധന നടത്തിയതായി ഫയലിൽ കാണുന്നു. മുകളിൽ കാണിച്ചിരുന്ന രോഗങ്ങൾ ഉള്ളവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുകയോ തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

## 1-22 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ സംബന്ധിച്ച് ചില അപാകതകൾ കാണുന്നുണ്ട്.

1. ശാരീരിക -മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -S 021/20

പ്രോജക്ടിനായി താഴെ പറയുന്ന രീതിയിൽ ചെലവ് വന്നിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 3/12-11-2019 | 500000 | വികസന ഫണ്ട് |
| 2 | 5 /30-12-2019 | 100000 | ബ്ലോക്ക് വിഹിതം |
| 3 | 13/18-3-2020 | 550000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | | 1150000 | |

ഈ തുക 58പേർക്കായി വിതരണം ചെയ്തിട്ടുണ്ട്

2. ശാരീരിക -മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -S 124/19-Spill Over

പ്രോജക്ടിനായി -ജില്ലാ പഞ്ചായത്ത് വിഹിതം.

ചെക്ക് നം. 5124430/27-1-2020 പ്രകാരം 50000/-രൂപ പിൻവലിച്ച് 56 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്

ഓരോ വിഭാഗത്തിലും ആരെല്ലാമാണ് ഉള്ളതെന്നും ഇവർക്ക് ഏതെല്ലാം ഇനത്തിലാണ് പണം നൽകിയിട്ടുള്ളതെന്നും പ്രത്യേകം കാണിച്ചിട്ടില്ല. അതുപോലെ

രണ്ടു പ്രോജക്ടുകൾക്കും 150000/- രൂപ വീതം ബ്ലോക്ക് വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഒന്നാമത്തെ പ്രോജക്ടിനു മാത്രമാണ് ഒരു ലക്ഷം രൂപ ചെലവ് വന്നിട്ടുള്ളത്. വകയിരുത്തിയത്ര ബ്ലോക്ക് വിഹിതം ലഭിച്ചിട്ടില്ലാത്തതു സംബന്ധിച്ച് വിവരം നിർവ്വഹണ ഉദ്യോഗസ്ഥ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലും പഞ്ചായത്ത് കമ്മറ്റിയിലും അറിയിച്ചിരുന്നില്ല. ഓരോ വിഭാഗത്തിലും ഉള്ളവരുടെ ലിസ്റ്റ് പ്രത്യേകം രജിസ്റ്ററിൽ തയ്യാറാക്കേണ്ടതും അർഹമായ ആനുകൂല്യം അനുവദിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-23 അങ്കണവാടികൾക്ക് ഫർണീച്ചർ ,അനുബന്ധ ഉപകരണങ്ങൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അങ്കണവാടികൾക്ക് ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ -പ്രോജക്ട് നം.
S 026/20

പ്രോജക്ടിനായി ബിൽ നം.6/25 /1 /20പ്രകാരം 97000/-രൂപ പിൻവലിച്ച് 17 സ്റ്റീൽ അലമാരകൾക്കായും 3സ്റ്റീൽ ടേബിളുകൾക്കായും നോവ ഫർണീച്ചറിനു നൽകി. ഇവ അങ്കണവാടികൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അങ്കണവാടികൾക്ക് വിതരണം ചെയ്തതായിട്ടുള്ള വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. ഓരോ അങ്കണവാടികൾക്കും നിലവിൽ ഉള്ള ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുവാൻ പറ്റുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-24 പഴയ പഞ്ചായത്ത് ജംങ്ഷനിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ -പണി പൂർത്തീകരിച്ചില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പഴയ പഞ്ചായത്ത് ജംങ്ഷനിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. S 182/20). കെ.എസ്.ഇ.ബി. പിറവം ഇലക്ട്രിക്കൽ സെക്ഷന് 31002/- രൂപ ചെക്ക് നം. 5124427/17-1-20 പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2-3-2020 ലെ 6/19-20 പ്രകാരം സെക്രട്ടറിയും കെ.എസ്.ഇ.ബി. പിറവം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറും തമ്മിൽ കരാർ വച്ചിട്ടുണ്ടെങ്കിലും വർക്ക് പൂർത്തീകരിച്ചതായി ഫയലിൽ കാണുന്നില്ല. മാത്രമല്ല ഫയലിൽ കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് ചേർത്തിട്ടില്ല. അതുപോലെ കരാറിൽ വർക്ക് എന്ന് ആരംഭിക്കുമെന്നോ എന്ന് പൂർത്തീകരിക്കുമെന്നോ കാണിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പഞ്ചായത്തിലെ തെരുവ് വിളക്കുകൾ എ.എം.സി. അടിസ്ഥാനത്തിൽ അറ്റകുറ്റ പണി നടത്തുക (S 119/20) –ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2018/19 ൽ 2 ലക്ഷം രൂപ അടങ്കലിൽ അംഗീകരിച്ച ഈ പ്രോജക്ട് 2019/20 ൽ 5 ലക്ഷം രൂപ അടങ്കലിൽ സ്പിൽ ഓവർ ആക്കുകയും 469655/- രൂപ ചെലവഴിക്കുകയുമുണ്ടായി.

ചെലവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | അംഗീകരിച്ച നിരക്ക് | നൽകിയ തുക |
|---|---|---|---|
| 1 | C F L -357 | 625 | 223125 |
| 2 | ട്യൂബ് -118 | 960 | 113280 |
| 3 | സോഡിയം വേപ്പർ ലാമ്പ്-41 | 3250 | 133250 |
| | | ആകെ | 469655 |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 25/01/2019 ൽ കരാറുകാരനായ ശ്രീ.സുരേഷ് കോരയും സെക്രട്ടറിയുമായി വച്ച കരാറിൽ അറ്റകുറ്റ പണി സംബന്ധിച്ച് വിശദീകരണങ്ങളൊന്നുമില്ല. മാത്രമല്ല വർക്കിന്റെ ഗ്യാരന്റി സംബന്ധിച്ച് യാതൊന്നും പറഞ്ഞിട്ടില്ല.

2. അംഗീകരിച്ച നിരക്ക് അറ്റകുറ്റ പണിക്കൊപ്പം ബൾബുകൾ-ട്യൂബുകൾ എന്നിവയുടെ വിലകൂടി ഉൾപ്പെടെയുള്ള ചെലവാണോ എന്നുള്ള കാര്യം സൂചിപ്പിച്ചിട്ടില്ല.

3. നിലവിൽ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ പഞ്ചായത്തിൽ ഉള്ള മുഴുവൻ ലൈറ്റുകൾക്കും പണം നൽകിയതായാണ് കാണുന്നത്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടിയല്ല സെക്രട്ടറി നൽകിയിട്ടുള്ളത്. കരാറുകാർ ഏറ്റെടുക്കുന്ന വർക്കുകൾ കുറ്റമറ്റതായ രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ രേഖകൾ കരാറിൽ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അസറ്റ് മാനേജ്മെന്റ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അസറ്റ്മാനേജ്മെന്റ് കാര്യക്ഷമമല്ല ഇതുമായിബനധപ്പെട്ട കാണുന്ന പ്രധാനപ്പെട്ട പോരായ്മകൾ താഴെ പറയുന്നു.

1. ആസ്തികൾ ആർജിക്കുക, കൃത്യമായി രജിസ്റ്ററിൽ ചേർക്കുക, കൈയൊഴിയുക എന്നിവ പരിശോധിക്കുന്നതിന് മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവ സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടില്ല.

2. ഓരോ വർഷവും ആർജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല മാത്രമല്ല സെക്രട്ടറി ഇത് സാക്ഷ്യപ്പെടുത്തുന്നില്ല

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി -പഞ്ചായത്ത് കമ്മറ്റി ആസ്തി സംബന്ധിച്ച് ചർച്ച നടത്തുകയും പഞ്ചായത്ത് വക ഭൂമിയിലും മറ്റും കൈയ്യേറ്റങ്ങൾ നടന്നിട്ടില്ലെന്നും കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ നശിക്കുന്നില്ല എന്നും ഉറപ്പാക്കുകയോ ആയതിനായുള്ള തീരുമാനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുക എന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയില്ല.

4. നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഭൂമി, ഫർണീച്ചറുകൾ തുടങ്ങിയവ ചേർത്തിട്ടില്ല. നിലവിൽ ഇവ എത്രയുണ്ടെന്ന് പരിശോധിക്കുവാൻ ഉതകുന്ന രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല.

5. ഭൂമി സംബന്ധിച്ച് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തലുകളില്ല.

6. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഫർണീച്ചറുകൾ തുടങ്ങിയ ആസ്തികൾ സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും. ഇവ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുക എന്നു കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയില്ല.

7. ഗ്രാവൽ റോഡുകൾ മെറ്റൽ റോഡുകൾ ആക്കുമ്പോഴും മെറ്റൽ റോഡുകൾ ടാർ റോഡുകൾ ആക്കുമ്പോഴും ആസ്തി രജിസ്റ്ററിൽ ഏതു രീതിയിലാണ് മാറ്റം വരുത്തുന്നത് എന്നു വിശദീകരിച്ചിട്ടില്ല.

പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 മുൻഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം.

മണീട് ഗ്രാമപഞ്ചായത്തിന്റെ തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗീകമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-10 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഇനിയും തീർപ്പാക്കാത്ത ഖണ്ഡികകൾ | | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ |
|---|---|---|---|---|
| | | ഖണ്ഡിക നമ്പർ | ആകെ | |
| 1 | 1992-93 & 1993-94 | ലഭ്യമല്ല* | 21 | എൽ.എഫ്.ഇ (പി.9) 826/13/ 16.8.2013 |
| 2 | 1994-95 | 17എ, 17 ബി, 18എ, 18ബി, 20, 23 | 6 | -ടി- |
| 3 | 1995-96 | 4ബി | 1 | -ടി- |
| 4 | 1997-98 | 23ബി,25എ, 25ബി, 29,31 | 5 | കെ.എസ്.എ. ഇ.കെ.എം. (പി.9) 781/15/ 28.9.2015 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 1998-99 (വരവ്) | 24 | 1 | -ടി- |
| 6 | 1998-99 (ചെലവ്) | 9,24,<br>25 മുതൽ 42 വരെ | 20 | -ടി- |
| 7 | 1999-2000 (വരവ്) | 9 | 1 | -ടി- |
| 8 | 1999-2000 (ചെലവ്) | ലഭ്യമല്ല* | 1 | എൽ.എഫ്.ഇ. (പി1) 1740/07 തി.28.03.09 |
| 9 | 2000-01 (വരവ്) | ലഭ്യമല്ല* | 6 | എൽ.എഫ്.ഇ. (പി1)1739/07 തി. 17.09.09 |
| 10 | 2000-01 (പദ്ധതി) | ലഭ്യമല്ല* | 13 | എൽ.എഫ്.ഇ. (പി1)1291/03 തി. 16.4.14 |
| 11 | 2002-03 | ലഭ്യമല്ല* | 8 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 |
| 12 | 2004-05 | 2,3,4,5,7,8,10,11,13,13(2), 14(1), 14(2), 15, 17, 18,19(3), 19(4), 21,22,23,24,26, 27,28,29 | 25 | എൽ.എഫ്.ഇ. (പി9) 2180/13 തി.10.12.13 |
| 13 | 2005-06 | 3-3,3-10 | 2 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/I/ 2018/14.9.2018 |
| 14 | 2006-07 | 3-5എ, 3-16 | 2 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/II/ 2018/ 14.9.2018 |
| 15 | 2007-08 | 3-4,3-5 | 2 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/III/ 2018/14.9.2018 |
| 16 | 2008-09 | 3-3 | 1 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/IV/ 2018/14.9.2018 |
| 17 | 2009-10 | 3-2,3-5,3-6, 3-7,3-8 | 5 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/V/ 2018/ 14.9.2018 |
| 18 | 2010-11 | 3-7,3-9,3-10(1), 3-10(2), 3-11, 3-12,3-13,3-14 | 8 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/VI/ 2018/14.9.2018 |
| 19 | 2011-12& 2012-13 | 2-1, 3-3 ബി ,<br>3-4 ബി, 3-10,<br>3-11, 3-12, 3-14, 3-15 | 8 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/VII/ 2018/14.9.2018 |
| 20 | 2013-14 & 2014-15 | 2-2, 3-1, 3-2 | 3 | കെ.എസ്.എ. ഇ.കെ.എം.(പി.6) 707/VIII/ 2018/14.9.2018 |
| 21 | 2015-16 | 2-1, 3-1,3-2,3-3 | 4 | കെ.എസ്.എ. ഇ.കെ.എം.(പി.6) 2266/18/7.5.2019 |
| 22 | 2016-17 | 2-2, 2-3, 2-5, 3-1 | 4 | കെ.എസ്.എ. ഇ.കെ.എം. |

| | | | | |
|---|---|---|---|---|
| | | | | (പി.ജി)<br>1071/2020/<br>14.12.2020 |
| 23 | 2017-18 | 2-2, 2-3, 2-4, 3-2, 3-6, 3-7, 3-8ബി, 3-12, 3-15, 3-18, 3-19,3-20,3-21 | 13 | -ടി- |
| 24 | 2018-19 | 1-11, 1-16, 1-19, 1-20, 1-21,1-22 | 6 | കെ.എസ്.എ. ഇ.കെ.എം.(പി.6) 1696/2019/ 10.08.2020 |

* ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഖണ്ഡിക നമ്പർ ഏതെന്ന് വ്യക്തമായിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത്, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. പലപ്പോഴും ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 315500.00 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 315500.00 | ഇല്ല |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 493000.00 | സമഗ്ര നെൽകൃഷി വികസനം | 493000.00 | ഇല്ല |
| | | 550000.00 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 550000.00 | ഇല്ല |
| | | 50000.00 | -ടി- | 50000.00* | ഇല്ല |
| | | 929741.00 | കുന്നത്തുമറ്റം കോളനി സമഗ്ര വികസനം | 929741.00 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000.00 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000.00 | ഇല്ല |
| | | 500000.00 | കൊളങ്ങരപ്പടി പെരിയപാടി | 0.00 | 500000.00 |
| | | 400000.00 | മുളക്കിത്താഴം നീർക്കുഴി റോഡ് | 0.00 | 400000.00 |
| | | 500000.00 | പാമ്പ്ര കോളനി | 0.00 | 500000.00 |
| | | 1088649.00 | വെട്ടിത്തറ ചെറിക്കിൻ കുഴി റോഡ് | 0.00 | 1088649.00 |
| | | 2000000.00 | ലൈഫ് | 0.00 | 2000000.00 |

ജില്ലാപഞ്ചായത്ത് വിഹിതത്തിൽ മുൻവർഷത്തിൽ ലഭിച്ച തുകയിൽ 2570259/- രൂപയും (കോഡ് 320700105) 611500/- രൂപയും (കോഡ് 320700205) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 2534296/- (കോഡ് 320700104), 2683900/- (കോഡ് 320700204) രൂപയും ചെലവഴിക്കുവാൻ ബാക്കിയുള്ളതായി ബി.4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

*ഓഡിറ്റ് വർഷത്തിൽ ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ജില്ലാപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ള തുക തനത് ഫണ്ടിൽ നിന്നാണെന്നും ആയത് അടുത്ത സാമ്പത്തികവർഷത്തിൽ ജോയിന്റ് വെഞ്ചൊർ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുന്നതാണ് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/15.03.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഴയപഞ്ചായത്ത് ജങ്ഷനിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 5124427 | 31002 | 0 | 31002 |

മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകയിൽ 97593/- രൂപ വൈദ്യുതബോർഡിൽ വിനിയോഗവിവരം ലഭ്യമാക്കാതെ നിലനിൽക്കുന്നുണ്ട് ( ഷെഡ്യൂൾ ബി.18).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 5422329.00 | 5422329.00 | 794117.00* | 0 | 4628212.00 |
| ഇ.എം.എസ്. ഭവനം | സ.ഉ.(കൈ) 564/2010/ ത.സ്വ.ഭ.വ/ 22.2.2010 | 4513270.00 | 430085.00 | 430085.00 | 0 | 0.00 |

* തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 588235/- രൂപയും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത 205882/- രൂപയും ഉൾപ്പെടെയുള്ള തുക

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 0.00 |
| ആകെ | 1,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 80324/4.2.19 | 50,000.00 |
| 2 | | FD 81898/8.4.19 | 50,000.00 |
| ആകെ | | | 1,00,000.00 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59408496.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50470258.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 92000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 50000.00 | ഡോ.വിപിൻ മോഹൻ.ടി.എം. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മണീട് |
| 1-18 | 42000.00 | ശ്രീമതി.റൂബി പോൾ. എച്ച്.എം., ജി.യു.പി.എസ്. ഏഴക്കരനാട് |
| ആകെ | 92000.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിപിൻ മോഹൻ.ടി.എം. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മണീട് | ശ്രീവൽസം, മാമ്പുഴ, കുഴയറ്റിക്കര.പി.ഒ. |
| ശ്രീമതി.റൂബി പോൾ. എച്ച്.എം. | എച്ച്.എം., ജി.യു.പി.എസ്. ഏഴക്കരനാട് | കോതേലിൽ, പുത്തൻകുരിശ്.പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.ഇ (പി.9) 826/13/ 16.8.2013 | 21 |
| 1994-95 | -ടി- | 6 |
| 1995-96 | -ടി- | 1 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9) 781/15/ 28.9.2015 | 5 |
| 1998-99 (വരവ്) | -ടി- | 1 |
| 1998-99 (ചെലവ്) | -ടി- | 20 |
| 1999-2000 (വരവ്) | -ടി- | 1 |
| 1999-2000 (ചെലവ്) | എൽ.എഫ്.ഇ.(പി1) 1740/07 തി.28.03.09 | 1 |
| 2000-01 (വരവ്) | എൽ.എഫ്.ഇ. (പി1)1739/07 തി. 17.09.09 | 6 |
| 2000-01 (പദ്ധതി) | എൽ.എഫ്.ഇ. (പി1)1291/03 തി. 16.4.14 | 13 |
| 2002-03 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 | 8 |
| 2004-05 | എൽ.എഫ്.ഇ.(പി9) 2180/13 തി.10.12.13 | 25 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/I/ 2018/14.9.2018 | 2 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/II/ 2018/14.9.2018 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/III/ 2018/14.9.2018 | 2 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/IV/ 2018/14.9.2018 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/V/ 2018/14.9.2018 | 5 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/VI/ 2018/14.9.2018 | 8 |
| 2011-12& 2012-13 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/VII/ 2018/14.9.2018 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.6) 707/VIII/ 2018/14.9.2018 | 3 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.6) 2266/18/7.5.2019 | 4 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.ജി) 1071/2020/14.12.2020 | 4 |
| 2017-18 | -ടി- | 13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.6) 1696/2019/10.08.2020 | 6 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്